<u>പതിനാലാം കേരള നിയമസഭ</u>
<u>പതിനൊന്നാം സമ്മേളനം</u>

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1194.** **06.06.2018 ൽ മറുപടിയ്ക്ക്**

**<u>വ്യാജ കള്ള് വില്പന</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പല സ്ഥലത്തും കള്ള് ഷോപ്പുകളിൽ വ്യാജ കള്ള് വിൽക്കുന്നതായ ആക്ഷേപത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (എ) | അന്വേഷണം നടത്തിയിട്ടുണ്ട്. |
| (ബി) | കള്ളിൽ സ്റ്റാർച്ച് ചേർക്കുന്നതിനുള്ള ശിക്ഷയിൽ കുറവ് വരുത്തിയിട്ടുണ്ടോ; അബ്കാരി നിയമത്തിൽ ഇതുസംബന്ധിച്ച് വരുത്തിയിട്ടുള്ള മാറ്റങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (ബി) | കുറവ് വരുത്തിയിട്ടുണ്ട്. കള്ളിൽ സ്റ്റാർച്ചിന്റെ അംശം കണ്ടെത്തിയാൽ അബ്കാരി നിയമത്തിലെ 57(എഎ) വകുപ്പ് പ്രകാരം കേസ് രജിസ്റ്റർ ചെയ്യുന്നതാണ്. സ്റ്റാർച്ച് ഒരു അന്യപദാർത്ഥമാണെങ്കിലും ആരോഗ്യത്തിന് ഹാനികരമല്ലാത്ത വസ്തുവായതിനാൽ മുമ്പുണ്ടായിരുന്ന ശിക്ഷയായ 5 വർഷം തടവോ, 50,000/- രൂപ പിഴയോ, രണ്ടും കൂടിയോ എന്നുള്ളത് 6 മാസം വരെ തടവോ അല്ലെങ്കിൽ 25,000/- രൂപ പിഴയോ ആയി കുറവ് ചെയ്യുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (സി) | നിപ വൈറസ് പരത്തുന്ന വവ്വാലുകൾ കുടിച്ച കള്ളിലൂടെ രോഗം പകരുമെന്ന പ്രചരണം കള്ള് വിൽപ്പനയിൽ കുറവുണ്ടാക്കിയിട്ടുണ്ടോ? | (സി | പ്രചരണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കള്ളിന്റെ വില്പനയിൽ പൊതുവിൽ കുറവ് ഉണ്ടായിട്ടുണ്ട്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**